ആൾക്കാർ ടൂറിസം, ബിസിനസ്സ് തുടങ്ങിയ ആവശ്യങ്ങൾക്കായി അങ്ങോട്ടുമിങ്ങോട്ടും യാത്ര ചെയ്യുന്നതിനാൽ പോളിയോ വൈറസ് ട്രാൻസ്മിഷൻ സാദ്ധ്യതയുണ്ടാകുന്നു. മേൽപ്പറഞ്ഞ രണ്ട് അയൽരാജ്യങ്ങളും പൂർണ്ണമായും പോളിയോ വിമുക്തമാകുന്നതുവരെ നമ്മുടെ രാജ്യത്ത് പൾസ് പോളിയോ പ്രതിരോധ മരുന്ന് തുടരേണ്ടിവരും.

(സി) പൾസ് പോളിയോ പ്രതിരോധ മരുന്ന് പൂർണ്ണമായും ഗവൺമെന്റ് ഓഫ് ഇന്ത്യ നടത്തുന്ന പരിപാടിയായതിനാൽ ഇതിന്റെ പൂർണ്ണമായ ചെലവ് വഹിക്കുന്നു.

(ഡി) ദേശീയ പ്രതിരോധ കുത്തിവയ്പ് പദ്ധതിയിലൂടെ ജനിച്ചയുടൻ മുതൽ 5 വയസ്സുവരെയുള്ള കുഞ്ഞുങ്ങളിൽ സമയബന്ധിതമായി 5 ഡോസ് പോളിയോ തുള്ളിമരുന്നും ദേശീയ പ്രതിരോധ കുത്തിവയ്പ് ദിനങ്ങളിൽ (NID - National Immunization Days) വർഷത്തിൽ രണ്ട് തവണയും പോളിയോ തുള്ളിമരുന്ന് നൽകിവരുന്നു. കൂടാതെ അന്താരാഷ്ട്രീയ യാത്ര (International travel) നടത്തുമ്പോൾ ഒരു ഡോസ് പോളിയോ തുള്ളിമരുന്ന് പ്രായഭേദമെന്യേ എല്ലാവർക്കും നൽകിവരുന്നു.

പോളിയോ തുള്ളിമരുന്ന് നൽകുന്ന സമയങ്ങൾ

ജനിച്ചയുടൻ	-	0 ഡോസ് ഒ.പി.വി.
6 ആഴ്ച		ഒന്നാം ഡോസ് ഒ.പി.വി.
10 ആഴ്ച	-	രണ്ടാം ഡോസ് ഒ.പി.വി.
14 ആഴ്ച	-	മൂന്നാം ഡോസ് ഒ.പി.വി.
1½ വയസ്സ്	-	നാലാം ഡോസ് ഒ.പി.വി.

കൊതുക് നശീകരണ സംവിധാനങ്ങൾ

25 (723) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധികൾ നേരിടുന്നതിന്റെ ഭാഗമായി കൊതുക് ഉറവിട നശീകരണത്തിന് ഗൗരവപൂർവ്വമായ പദ്ധതികൾ നടത്തുന്നതിൽ വിമുഖത കാണിക്കുന്നത് എന്തുകൊണ്ടാണ്;

(ബി) കൊതുകുജന്യ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവർത്തനങ്ങൾ ക്രിയാത്മകവും, ഫലപ്രദവുമായി സംഘടിപ്പിക്കേണ്ടത് സർക്കാരിന്റെ ബാധ്യതയല്ലേ;

(സി) ഓരോ പ്രദേശത്തിനുമിണങ്ങുന്നതും പാർശ്വഫലങ്ങൾ ഉണ്ടാകാത്തതുമായ രീതിയിൽ കൊതുക് നശീകരണ സംവിധാനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊതുകിന്റെ ഉറവിട നശീകരണത്തിന് ആരോഗ്യ വകുപ്പ് ഇതര വകുപ്പുകളുമായി ചേർന്ന് മഴക്കാലത്തിന് മുന്നോടിയായി പ്രത്യേകമായുള്ള കാമ്പയിനുകൾ നടപ്പിലാക്കിയിരുന്നു. (ഉദാ: കൊതുകിന്റെ പ്രധാന ഉറവിടങ്ങളും ഉണങ്ങിയ ഉറവിടങ്ങളും നീക്കം ചെയ്യുന്ന കാമ്പയിൻ, ക്ലീൻ ഓഫീസ് ക്ലീൻ, പബ്ലിക് പ്ലേസ് കാമ്പയിൻ തുടങ്ങിയവ) ഇതുകൂടാതെ ആഴ്ചതോറുമുള്ള ഡ്രൈഡേ ആചരണം, കൊതുക് സർവ്വേ, പാരിസ്ഥിതിക നിയന്ത്രണം, ജൈവിക നിയന്ത്രണം തുടങ്ങിയവയും കൊതുകിന്റെ ഉറവിടങ്ങൾ ഗണ്യമായി കുറയ്ക്കാൻ സഹായകരമായി. എന്നാൽ ജനങ്ങളുടെ ശീലങ്ങളിൽ കാതലായ മാറ്റം വന്നാൽ മാത്രമേ കൊതുകിന്റെ ഉറവിട നശീകരണം പൂർണ്ണമാകൂ. അതിനുവേണ്ട ബോധവത്കരണവും നിയമപരമായ പരിശോധനയും തുടർനടപടികളും (സേഫ് കേരള) ആരോഗ്യ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

(ബി) കൊതുക് നിരീക്ഷണവും കൊതുക് നിയന്ത്രണവും ക്രിയാത്മകവും കാര്യക്ഷമവുമാക്കുന്നതിന് വർഷംമുഴുവൻ നിലനിൽക്കുന്ന ഒരു കർമ്മപദ്ധതി എല്ലാ വർഷവും ആരോഗ്യ വകുപ്പ് തയ്യാറാക്കി നടപ്പിലാക്കിവരുന്നുണ്ട്. പ്രാദേശിക പ്രശ്നങ്ങൾക്കും പ്രത്യേകതകൾക്കും യോജിച്ച വിധത്തിലാണ് കർമ്മപദ്ധതി. ഇതിൽ മഴക്കാലത്തിന് മുന്നോടിയായുള്ള തയ്യാറെടുപ്പുകൾ, മഴക്കാലപൂർവ്വ ശുചീകരണം, ആലോചനാ യോഗങ്ങൾ, പരിശീലനം, ബോധവത്കരണത്തിനും പ്രവർത്തനത്തിനുമായി കാമ്പയിനുകൾ, ആരോഗ്യ സന്ദേശയാത്ര, മലമ്പനി, ഡെങ്കിപ്പനി വിരുദ്ധ മാസാചരണം, സേഫ് കേരള പരിപാടിയനുസരിച്ചുള്ള പരിശോധനകൾ തുടങ്ങിയവയോടൊപ്പം ഐ.ഡി.എസ്.പി., എൻ.വി.ബി.ഡി.സി.പി. പ്രോഗ്രാമുകൾ വഴിയുള്ള രോഗനിരീക്ഷണം, രോഗനിയന്ത്രണം തുടങ്ങിയവയും നടപ്പിലാക്കിയിട്ടുണ്ട്.

(സി) സംയോജിത കൊതുക് നിയന്ത്രണത്തിന്റെ ഭാഗമായി മറ്റ് കൊതുക് നിയന്ത്രണ മാർഗ്ഗങ്ങളോടൊപ്പം പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ചും കൊതുകജന്യരോഗം ഏതുതരമാണെന്നതിനനുസരിച്ചും ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ ആരോഗ്യ വകുപ്പ് നടത്തിവരുന്നു. ജില്ലകളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സജ്ജീകരിച്ചിരിക്കുന്ന മിനി ഹാച്ചറികളിൽനിന്നോ പ്രാദേശിക ഉറവിടങ്ങളിൽനിന്നോ മത്സ്യ വകുപ്പിൽനിന്നോ ലഭ്യമാകുന്ന ഗപ്പി, ഗാമ്പൂസിയ തുടങ്ങിയ മത്സ്യങ്ങൾ ജലം കെട്ടിനിൽക്കുന്നിടത്ത് നിക്ഷേപിക്കുന്നുണ്ട്. കൂടാതെ ബാസിലസ് തുറിഞ്ചിയൻസിസ് ഇസ്രൈലെൻസിസ് എന്ന ജൈവ കീടനാശിനി ഉപയോഗിച്ചും എല്ലാ ജില്ലകളിലും കൊതുക് നിയന്ത്രണം നടത്തുന്നുണ്ട്.

GPM. 2/238/2020-13

LIBRARY ARCHIVES Kerala Legislative Assembly